PROCEEDINGS OF THE TRAVANCORE-COCHIN LEGISLATIVE ASSEMBLY

Third Session—1955.

Wednesday, the 12th October 1955.

Vol. XIV] OFFICIAL REPORT [No. 7

LIBRARY ARCHIVES Kerala Legislative Assembly

The Assembly met in the Assembly Chamber, Trivandrum, at Eight of the Clock on Wednesday, the 12th October 1955, with Mr. Speaker in the Chair.

QUESTIONS AND ANSWERS.

(The number within brackets indicates the number in the list of admitted questions for the day.)

ORAL ANSWERS.

തൊഴൽനിയമങ്ങളിലെ വ്യവസ്ഥകൾ.

*314. [3] ശ്രീ. വി. ശ്രീധരൻ: താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി തരുമോ:

(എ) ഈ രാജ്യത്തു നിലവിലുള്ള തൊഴൽനിയമങ്ങളിലെ സ്റ്റാറ്റൂട്ടറി പ്രൊവിഷൻസ് ട്രാൻസ്പ്ലാന്റഡ് പാർട്ടുമെന്റിലെ തൊഴിലാളികൾക്ക് ബാധകമാണോ;

(ബി) ആണെങ്കിൽ, ഫാക്ടറീസ് ആക്ട്, മൈൻസ് ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് തുടങ്ങിയ തൊഴൽനിയമങ്ങളിലെ വ്യവസ്ഥകൾ ട്രാൻസ്പ്ലാന്റഡ് തൊഴിലാളികൾക്ക് ബാധകമാക്കിയിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ അതിനുള്ള കാരണം വ്യക്തമാക്കുമോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഈ രാജ്യത്തെ തൊഴൽനിയമങ്ങൾ ട്രാൻസ്പ്ലാന്റഡ് പാർട്ടുമെന്റിലെ തൊഴിലാളികൾക്ക് ബാധകമാണ്.

(ബി) ഫാക്ടറീസ് ആക്ട്, മൈൻസ് ആക്ട്, ഇൻഡസ്ട്രിയൽ ഡിസ്പ്യൂട്ട്സ് ആക്ട് തുടങ്ങിയ തൊഴിൽനിയമങ്ങളിലെ വ്യവസ്ഥകൾ ട്രാൻസ്പ്ലാന്റഡ് തൊഴിലാളികൾക്ക് ബാധകമാണ്.

(സി) ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. വി. ശ്രീധരൻ : ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറിൽ വെൽഫെയർ ആഫീസറന്മാരെ നിയമിച്ചിട്ടുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

ശ്രീ. വി ശ്രീധരൻ : വെൽഫെയർ ആഫീസറന്മാരെ നിയമിക്കണമെന്നുള്ള വസ്തുത ഗവണ്മെൻറിന്റെ ദൃഷ്ടിയിൽപെട്ടിട്ടില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഉണ്ട്.

ശ്രീ. വി ശ്രീധരൻ : അങ്ങനെയാണെങ്കിൽ ഇതേവരെ നിയമിക്കാത്തതു എന്താണ്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതിനെപ്പറ്റി ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

കണ്ടിൻജൻസ് ജീവനക്കാർ.

*315. [4] ശ്രീ. വി. ശ്രീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി സേവനം അനുഷ്ഠിച്ചുവരുന്ന കണ്ടിൻജൻസി ജീവനക്കാരുടെ മൊത്തം സംഖ്യ എത്ര;

(ബ) ഇവരിൽ തിരുവനന്തപുരം മ്യൂസിയത്തിൽ സേവനം അനുഷ്ഠിച്ചുവരുന്നവർ എത്ര;

(സി) ഇവരിൽ തുപ്പുകാരായ സ്ത്രീ തൊഴിലാളികളുടെ വെട്ടിക്കുറച്ചിരിക്കുന്ന ശമ്പളം പഴയപടി 42 രൂപയായി വർദ്ധിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് വല്ല നിവേദനവും ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(ഡി) ഉണ്ടെങ്കിൽ അതിന്മേൽ ഗവണ്മെൻറ് എന്തു നടപടി സ്വീകരിച്ചു?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) ഗവണ്മെൻറിന്റെ വിവിധ ഡിപ്പാർട്ടുമെൻറുകളിലായി സേവനം അനുഷ്ഠിച്ചുവരുന്ന കണ്ടിൻജൻസി ജീവനക്കാരുടെ മൊത്തം സംഖ്യ 8567.

(ബ) തിരുവനന്തപുരം മ്യൂസിയത്തിലുള്ള ജീവനക്കാർ 148.

(സി) ഇവരിൽ തുപ്പുകാരായ സ്ത്രീ തൊഴിലാളികളുടെ വെട്ടിക്കുറച്ചിരിക്കുന്ന ശമ്പളം പഴയപടി 42 രൂപയായി വർദ്ധിപ്പിക്കണമെന്ന ആവശ്യപ്പെട്ടുകൊണ്ട് നിവേദനം ലഭിച്ചിട്ടുണ്ട്.

(ഡി) അതു മ്യൂസിയം കണ്ടിൻജൻസിക്കാരെമാത്രം ബാധിക്കുന്ന ഒരു പ്രശ്നമല്ല. ഒരു പൊതു പ്രശ്നമെന്ന നിലയിൽ അതു പരിശോധിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. വി. ശ്രീധരൻ : തുപ്പുകാരുടെ ശമ്പളം എന്നു വെട്ടിക്കുറച്ചു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : നോട്ടീസ് വേണം.

LIBRARY ARCHIVES Kerala Legislative Assembly